VI. വ്യക്തിപരമായ വിശദീകരണം

കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിലെ നിയമനം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : രണ്ടുമൂന്നു ദിവസം അസുഖം കാരണം എനിക്ക് സഭയിൽ വരാൻ കഴിഞ്ഞില്ല. 7-ാം തീയതി അതായത് 7.7.1999-ൽ വിദ്യാഭ്യാസവകുപ്പിന്റെ ധനാഭ്യർത്ഥനകളുടെ ചർച്ചയുടെയിടയിൽ ശ്രീ. മാമ്മൻ മത്തായി Audio Visual and Reprographic Centre-നെപ്പറ്റി സംസാരിക്കുകയും അവിടത്തെ നിയമനങ്ങളിൽ അഴിമതി ആരോപിക്കുകയും അവയെല്ലാം അവിഹിതമായി നടന്നുവെന്ന് പറയുകയും ഒരു ലിസ്റ്റ് വായിക്കുകയും ചെയ്തു. ലിസ്റ്റ് വായിക്കുന്ന സമയത്ത് ഞാൻ സഭയിൽ ഉണ്ടായിരുന്നു. അദ്ദേഹം വായിച്ച ലിസ്റ്റിൽ, ഇവിടെ പറഞ്ഞ ലിസ്റ്റിൽ എന്റെ പേര് ഉൾപ്പെട്ടതായി വായിച്ചുകേട്ടില്ല. ആ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ഉച്ചയ്ക്കുശേഷം അസുഖം ബാധിച്ച് ഞാൻ പോയി. പിറ്റേദിവസം രാവിലെ പത്രമെടുത്തപ്പോൾ 'കേരള കൗമുദി' പത്രത്തിൽ 54-ാമത്തെ നമ്പരായി ഒരു രഘുനാഥന്റെ പേരും അതിനോട് ചേർന്ന് എന്റെ പേരും കടകംപള്ളി സുരേന്ദ്രന്റെ സഹോദരി പുത്രൻ എന്നോമറ്റോ പറഞ്ഞ് കണ്ടു. തൊട്ടടുത്തദിവസം തന്നെ ഞാൻ സഭയിൽ സമർപ്പിച്ച ലിസ്റ്റിൽ എന്താണ് ഉണ്ടായിരുന്നതെന്ന് പരിശോധിച്ചു. അതിൽ 54-ാമത്തെ പേര് ഒരു അജിതയുടെ പേരാണ്. റിപ്രോഗ്രാഫിക് അസിസ്റ്റന്റ് കടകംപള്ളി സുരേന്ദ്രന്റെ സഹോദരീ പുത്രി എന്നാണ് കാണുന്നത്. എനിക്ക് ഒരു സഹോദരിയാണുള്ളത്. അവൾക്ക് രണ്ടു ചെറിയ കുഞ്ഞുങ്ങളാണുള്ളത്. ഇങ്ങനെ അജിത എന്നു പേരുകാരിയായ ഒരു സഹോദരീപുത്രി എനിക്കില്ല. എന്റെ നേരിട്ടുള്ള സഹോദരിയല്ലാതെ വകയിൽ സഹോദരിയുടെ മക്കൾ ഇങ്ങനെ പേരുകാരിയുണ്ടോ എന്നുനോക്കി. അങ്ങനെയുമില്ല. അന്ന് ഒരു വെള്ളച്ചാട്ടം പോലെ ശ്രീ. മാമ്മൻ മത്തായി കുറേ പേരുകൾ പറഞ്ഞപ്പോൾ ഇതെല്ലാം വാസ്തവമായിരിക്കും എന്നുള്ള ധാരണയിലിരുന്ന ആളാണ് ഞാൻ. എന്റെ കാര്യത്തിലെങ്കിലും ഇത് അവാസ്തവമാണ്. ദുഷ്പ്രചരണമാണ്. സഭയെ തെറ്റിദ്ധരിപ്പിക്കലാണ്. നാട്ടിൽ പൊതുപ്രവർത്തകരായിട്ടുള്ള എന്നെപ്പോലെയുള്ള ആളുകളുടെ മുഖത്ത് കരിവാരി തേയ്ക്കുന്നതിനുവേണ്ടി ബോധപൂർവമുള്ള പരിശ്രമമാണ് നടന്നിട്ടുള്ളതെന്ന കാര്യം ഇവിടെ വിശദീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ധനകാര്യം (തുടർച്ച)

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ഏതുതരത്തിൽ പരിമിതപ്പെടുത്തണമെങ്കിലും ഞാൻ പരിമിതപ്പെടുത്താം. അപ്പോൾ ഉന്നയിച്ച എല്ലാ പ്രശ്നങ്ങൾക്കും മറുപടി പറയാൻ ഒത്തുവെന്ന് വരികയില്ല. ഇവിടെ ഒരു വിമർശനം പറഞ്ഞത് എനിക്ക് പരിഹരിക്കാൻ ഒക്കുമെന്ന് തോന്നുന്നില്ല. ഞാൻ ചിരിക്കുന്നുവെന്നുള്ളത്. എന്റെ ഒരു സ്നേഹിതന്റെ മകനും എനിക്ക് വളരെ സ്നേഹമുള്ള ആളുമാണ് അത് പറഞ്ഞത്. അദ്ദേഹം പൂച്ച പാലുകുടിക്കുന്നതുപോലെ ..... ഇതെന്റെ ജന്മസിദ്ധമായ ശൈലിയാണ്. ഒരു ദിവസം എന്റെ സ്വഭാവം മാറ്റാൻ വളരെ വിഷമമാണ്. അതുകൊണ്ട് ആ വിമർശനം അവസാനം വരെ തുടരുകയല്ലാതെ മാർഗ്ഗമില്ലായെന്നാണ് എനിക്ക് പറയാനുള്ളത്. ആദ്യമായി ടൂറിസ്റ്റത്തിന്റെ കാര്യം

LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് ഏഴ് മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലും എറണാകുളം പാലക്കാട് ജില്ലകളിൽ യഥാക്രമം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി ഓരോ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ പട്ടിക ജാതി വികസന വകുപ്പിലും ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ കട്ടേലയിലും വയനാട് ജില്ലയിൽ നല്ലൂർനാടിലും പ്രവർത്തിക്കുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ പ്ലസ്ടു കോഴ്സുകൾ ആരംഭിച്ചു.

ത്രിവത്സര/പഞ്ചവത്സര എൽ.എൽ.ബി. കോഴ്സുകളിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഡോക്ടർ അംബേദ്കർ മെമ്മോറിയൽ ക്യാഷ് അവാർഡും, മെഡലും 1998-99-മുതൽ ഏർപ്പെടുത്തിയിട്ടുണ്ട്. വിദേശ സർവ്വകലാശാലകളിൽ മോഡേൺ സയൻസ്, അപ്ലൈഡ് സയൻസ്, മാനേജ്മെന്റ് എന്നീ കോഴ്സുകളിൽ ഉപരിപഠനം നടത്തുന്ന പട്ടികജാതിക്കാർക്ക് 1.8 ലക്ഷം രൂപ വരെ പലിശരഹിത വായ്പ നൽകുന്ന പദ്ധതി 1998-99 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ മഞ്ചേരിയിൽ പ്രവർത്തിക്കുന്ന ആശ്രമം സ്കൂൾ അപ്പർ പ്രൈമറി സ്കൂളായി അപ്ഗ്രേഡ് ചെയ്തു. കട്ടേല നല്ലൂർനാട് മോഡൽ റെസിഡൻഷ്യൽ സ്കൂളിലെ പ്ലസ്ടു വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരീക്ഷകളിൽ പങ്കെടുക്കുന്നതിന് പ്രത്യേക കോച്ചിംഗ് ആരംഭിച്ചു. നൂൽപ്പുഴയിൽ പ്രവർത്തിക്കുന്ന പ്രാചീന ഗോത്രവർഗ്ഗ കുട്ടികൾക്കുള്ള ആശ്രമം സ്കൂൾ ഹൈസ്കൂളായി ഉയർത്തി.

അനുബന്ധം III A

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 9 (2387) ദയവായി കാണുക

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ തടയുന്നതിനുള്ള പദ്ധതിപ്രകാരം ജോഡിക്ക് 220 രൂപ ക്രമത്തിൽ രണ്ട് ജോഡി ഡ്രസ്, കുട, സ്കൂൾബാഗ്, ചെരിപ്പ് എന്നിവയ്ക്കായി 230 രൂപയും, ഇടയ്ക്ക് വച്ച് പഠനം നിറുത്തിയ വിദ്യാർത്ഥികൾ തിരികെ ചേർന്ന് പഠനം നടത്തുന്നതിന് പ്രോത്സാഹന ധനസഹായമായി 500 രൂപയും നൽകുന്നു.

മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് മെസ് ചാർജ്ജ്, വാഷിംഗ് ചാർജ്ജ്, സോപ്പും എണ്ണയും, മെഡിക്കൽ എക്സ്പെൻസസ്, ഹെയർ കട്ടിംഗ് എന്നീ ഇനത്തിൽ ഒരു കുട്ടിക്ക് പ്രതിമാസം 620/- രൂപയും ഡ്രസ്സ്, പുസ്തകം. ബുക്ക്, കണ്ണാടി, ചീപ്പ്, ഇവ വാങ്ങുന്നതിന് പ്രതിവർഷം 1420/- രൂപയും ചെലവ് വരുന്നതാണ്.

എസ്.എസ്.എൽ.സി.ക്ക് ട്യൂട്ടോറിയലിൽ ചേർന്ന് പഠിക്കുന്ന ഒരു കുട്ടിക്ക് പ്രതിവർഷം 800/- രൂപ നൽകുന്നുണ്ട്.

ഇതിനുപുറമെ പ്രൊഫഷണൽ ടെക്നിക്കൽ കോഴ്സുകൾക്കുള്ള ലംപ്സംഗ്രാന്റ് ഒഴികെയുള്ള ആനുകൂല്യങ്ങൾ 1996-97 അദ്ധ്യയനവർഷം മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ വിവിധ പരീക്ഷകളിൽ നൈപുണ്യം നേടിയ വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പ്രോത്സാഹന സമ്മാനത്തിനുള്ള തുകയും 1998-99 വർഷം മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

അനുബന്ധം IV

		Budget Estimated for 1999-2000				
Demand Number	Name of Demand	Amount of Demands for Grants on Account voted by the House on 25-3-1999		Amount of Demands for Grants to be submitted to the vote of the House		
		Revenue (Rs.)	Capital (Rs.)	Revenue (Rs.)	Capital (Rs.)	Total (Rs.)
(1)	(2)	(3)	(4)	(5)	(6)	(7)
*1	State Legislature	4,16,56,000	-------	8,33,13,000	------	8,33,13,000

LIBRARY ARCHIVES Kerala Legislative Assembly